# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2604** **06/12/2018-ൽ മറുപടിയ്ക്ക്**

### സഹകരണ ബാങ്കുകളിൽ നിന്നുള്ള കാർഷിക വായ്പകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.സി.കെ. ഹരീന്ദ്രൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ ബാങ്കുകളിൽ നിന്നുള്ള കാർഷിക വായ് പകൾ എഴുതി ത്തള്ളുന്നതിനുള്ള കടാശ്വാസ പദ്ധതികൾ ഏതെങ്കിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സഹകരണ ബാങ്കുകളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകൾ എഴുതി തള്ളുന്നതിന് കാർഷിക കടാശ്വാസ പദ്ധതി നിലവിലുണ്ട്.<br><br>കർഷകർ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന അവാർഡിന്റെ അടിസ്ഥാനത്തിൽ കടാശ്വാസം അനുവദിച്ച് നൽകുന്നു. കർഷക കടാശ്വാസ കമ്മീഷന്റെ ആക്ട് പ്രകാരം വയനാട് ജില്ല ഒഴികെയുള്ള ജില്ലകളിലെ കർഷകരുടെ 31.10.11 വരെയുള്ള വായ്പകളും വയനാട് ജില്ലയിലെ കർഷകരുടെ 31.03.14 വരെയുള്ള വായ്പകളുമാണ് കടാശ്വാസത്തിനായി കമ്മീഷൻ പരിഗണി ക്കുന്നത്. ടി ആക്ട് പ്രകാരം കർഷകൻ തന്റെ വരുമാന വർദ്ധനവിനായി കാർഷികാ നുബന്ധ വാണിജ്യാവശ്യങ്ങൾക്ക് എടുത്തി ട്ടുള്ള വായ്പകളെയാണ് കടാശ്വാസത്തിനായി പരിഗണിക്കുന്നത്.<br><br>വിവിധ ജില്ലകളിൽ കേരള കർഷക കടാശ്വാസ കമ്മീഷൻ നടത്തുന്ന സിറ്റിംഗുകളിൽ ലഭ്യമാകുന്ന കർഷകരുടെ |

| | | | |
|---|---|---|---|
| | | | അപേക്ഷകളുടെ അടിസ്ഥാനത്തിൽ കടാശ്വാസ കമ്മീഷൻ അവാർഡ് പുറപ്പെടുവിച്ച് ഉത്തരവാകുകയും, ടി അവാർഡുകളിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകളിൻമേലുള്ള അവാർഡുകൾ പരിശോധനയ്ക്കായി കൃഷിവകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കുകയും ചെയ്യുന്നു. ടി അവാർഡുകളുടെ അർഹത പരിശോധിച്ച് കൃഷി വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് കൃഷി വകുപ്പിൽ നിന്നും അനുവദിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുക സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നു. |
| (ബി) | സഹകരണ ബാങ്കുകളിൽ നിന്നും വായ് പയെടുത്ത് കുടിശ്ശികയായ പാവപ്പെട്ട ജനങ്ങളെ സഹായിക്കാൻ ഏതൊക്കെ പദ്ധതികളാണ് സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്നത് വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത് കുടിശ്ശികയായ പാവപ്പെട്ട ജനങ്ങളെ സഹായിക്കുന്നതിനായി 2018 വർഷത്തിൽ **നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതി** ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയുടെ കാലാവധി 2018 ഫെബ്രുവരി 15 മുതൽ മാർച്ച് 31 വരെ ആയിരുന്നു. മരണപ്പെട്ടവരുടേയും മാരക രോഗം ബാധിച്ചവരുടേയും ഉൾപ്പെടെയുള്ള പാവപ്പെട്ട ജനങ്ങളുടെ കുടിശ്ശിക വായ്പകൾ മുതലിനൊപ്പം പലിശ ക്രമീകരിച്ചും, കുറഞ്ഞ പലിശ നിരക്ക് അനുവദിച്ചും, പിഴപ്പലിശ ഒഴിവാക്കിയും തീർപ്പാക്കുന്നതിന് അവസരം നൽകിയിരുന്നു.<br><br>സംസ്ഥാന സഹകരണ ബാങ്കുകളിലും ജില്ലാ സഹകരണ ബാങ്കുകളിലും കുടിശ്ശിക നിവാരണത്തിന്റെ ഭാഗമായി കുടിശ്ശികക്കാർക്ക് ഇളവുകളോടെ വായ്പ തീർപ്പാക്കുന്നതിനായി പ്രത്യേകം പ്രത്യേകം **ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി** സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയോടെ നടപ്പിലാക്കി വരുന്നുണ്ട്.<br><br>കൂടാതെ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിരുന്ന കർഷകർക്ക് കാർഷിക **കടാശ്വാസ പദ്ധതിയും**, പട്ടികജാതി/പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ വിഭാഗക്കാർക്കായി **പട്ടികജാതി/പട്ടികവർഗ്ഗ കടാശ്വാസ പദ്ധതിയും,** മത്സ്യത്തൊഴിലാളി വിഭാഗക്കാർക്കായി **മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയും** |

| | | | |
|---|---|---|---|
| | | | നിലവിലുണ്ട്. ടി 3 പദ്ധതികളുടേയും നടത്തിപ്പിനായി അതാത് വകുപ്പുകൾക്ക് അനുവദിച്ചു ലഭിക്കുന്ന തുക സഹകരണ വകുപ്പ് മുഖേന നൽകുകയാണ് ചെയ്യുന്നത്.<br>ആയതിൽ കാർഷിക കടാശ്വാസ പദ്ധതിയും, മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയും കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന അവാർഡുകളുടെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**